പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2026 **26-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് ജില്ലയിലെ ആയുർവേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ മൂന്ന് ആയുർവേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കോഴിക്കോട് ജില്ലയിലെ കടിയങ്ങാട് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പെരുവയൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പാക്കനാർപുരം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി എന്നീ മൂന്ന് സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ലാത്തത് വലിയ പ്രയാസം സൃഷ്ടിക്കുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

മറുപടി: കുന്നമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് എന്ത് നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ഫാർമസിസ്റ്റ് തസ്തികകളില്ലാത്ത സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 27 ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ